Reg. No. ..............................................

Name : ..............................................

## Sixth Semester B.A. Degree Examination

First Degree Programme Under CBCSS

MALAYALAM LANGUAGE, CULTURE AND LITERATURE

## core Course – XI-ML 1641: മാധ്യമലോകം

Time : 3 Hours Max.Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക

1) ഭാരതത്തിലെ അതിപ്രാചീന ലിപി ഏതാണ് ?

2) ആധുനിക അച്ചടിയുടെ ഉപജ്ഞാതാവ് ?

3) ഭാരതീയ അച്ചടിയുടെ ജനയിതാവ് ?

4) സംക്ഷേപവേദാർത്ഥം അച്ചടിച്ചത് എവിടെയാണ് ?

5) ലിപി കണ്ടുപിടിച്ച ആളാണ് ലോകത്തിന് ഏറ്റവും നന്മ പ്രദാനം ചെയ്തതെന്നു നിരീക്ഷിച്ച മഹാകവി ആര് ?

6) കുമാരനാശാന്റെ പത്രാധിപത്യത്തിൽ ഇറങ്ങിയ മാസിക.

7) ലോകത്ത് ആദ്യം പ്രക്ഷേപണം തുടങ്ങിയ സ്ഥലം ?

8) റേഡിയോ എന്ന മാധ്യമത്തിന്റെ മുഖ വാക്യം ഏത് ?

9) 21-ാം നൂറ്റാണ്ടിൽ ഏറ്റവുമധികം പേർ കണ്ണിചേർക്കപ്പെട്ട സോഷ്യൽ നെറ്റ് വർക്ക് ഏതാണ് ?

10) പത്രാധിപരുടെ സഹായമില്ലാത്ത സാഹിത്യ പ്രസിദ്ധീകരണമാണ് -------ൽ നടക്കുന്നത്.

(10*1=10മാർക്ക്)

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11) സംക്ഷേപവേദാർത്ഥം.

12) കേരളത്തിൽ അച്ചടിച്ച പ്രഥമ മലയാള പുസ്തകത്തെപ്പറ്റി കുറിപ്പെഴുതുക.

13) അച്ചടി കേരളത്തിലെ സാഹിത്യ നവോത്ഥാനത്തിന് വഴി തെളിച്ചു എന്നു പറയുന്നത് എന്തുകൊണ്ട് ?

14) ഫോർത്ത് എസ്റ്റേറ്റ് എന്നാലെന്ത് ?

15) നസ്രാണി ദീപികയെപ്പറ്റി കുറിപ്പെഴുതുക.

16) ഇന്ത്യൻ പ്രക്ഷേപണ ചരിത്രത്തിന്റെ ഘട്ടവിഭജനത്തെപ്പറ്റി സൂചിപ്പിക്കുക.

17) വാർത്താവതരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

18) റേഡിയോ സാഹിത്യത്തിൽ ഉൾപ്പെടുന്നത് എന്തെല്ലാം ?

19) ലിറ്റിൽ/ലൈറ്റർ മാഗസിനുകൾ എന്നാലെന്ത് ?

20) സൈബർ നിയമത്തിന്റെ ആവശ്യകത എന്ത് ?

21) എന്താണ് റിയാലിറ്റി ഷോകളുടെ ജനപ്രീതിക്ക് കാരണം ?

22) ബ്ലോഗ് സാഹിത്യം എന്നാലെന്ത് ?

III.120 വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23) തിരുവനന്തപുരത്തെ സർക്കാർ അച്ചുകൂടത്തെപ്പറ്റി വിവരിക്കുക.

24) കേരളത്തിലെ പത്രപ്രവർത്തനത്തിന്റെ തുടക്കം വിവരിക്കുക.

25) റേഡിയോ എന്ന സർക്കാർ മാധ്യമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ?

26) മലയാളം കമ്പ്യൂട്ടിംഗിന്റെ ചരിത്രം വിശദമാക്കുക.

27) മലയാളത്തിലെ ടെലിവിഷൻ സംപ്രേഷണ ചരിത്രം വിവരിക്കുക.

28) മലയാളത്തിലെ ബൂലോകത്തെപ്പറ്റി വിശദമാക്കുക.

29) സൈബർ സാഹിത്യത്തെ പൊതുവായി വിലയിരുത്തുക.

30) മലയാളത്തിലെ സൈബർ നോവലുകളെ അടയാളപ്പെടുത്തുക.

31) ടെലിവിഷനിലെ മലയാള ഭാഷാപ്രയോഗത്തെപ്പറ്റി വിമർശനബുദ്ധ്യാ വിലയിരുത്തുക.

(6*4=24മാർക്ക്)

IV. മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32) പത്രമാധ്യമത്തിന് കേരളത്തിൽ ഇന്നും ജനപ്രിയത നഷ്ടപ്പെട്ടിട്ടില്ല എന്ന പ്രസ്താവനയോടു പ്രതികരിക്കുക.

33) റേഡിയോയിലെ ജനപ്രിയ പരിപാടികളെപ്പറ്റി വിവരിക്കുക.

34) ടെലിവിഷനിലെ ചലച്ചിത്രാധിഷ്ഠിത പരിപാടികൾ എന്തെല്ലാം ? വിവരിക്കുക.

35) സോഷ്യൽ മീഡിയ-ഗുണങ്ങളും ദോഷങ്ങളും വിവരിക്കുക.

(2*15=30മാർക്ക്)

## Sixth Semester B.A. Degree Examination, April 2017
### First Degree Programme Under CBCSS
### MALAYALAM LANGUAGE CULTURE AND LITERATURE
### Core Course - XII
### ML 1642 : Malayala Vyakaranam
### (2013 Admission)

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ എല്ലാ ചോദ്യങ്ങൾക്കും (10 എണ്ണം) ഉത്തരമെഴുതുക.

1) മലയാണ്മയുടെ വ്യാകരണം എഴുതിയതാര്?

2) വർണ്ണം എന്നാലെന്ത്?

3) മുന്ന് ചുട്ടെഴുത്തുകൾ ഏവ?

4) ഗതി എന്നാലെന്ത്?

5) സമാസവിഭക്തി എന്നാലെന്ത്?

6) നിയോജകപ്രകാരത്തിനുള്ള പ്രത്യയമേത്?

7) കൃത്ത് എന്നാലെന്ത്?

8) മലയാളഭാഷയിലെ സാമാന്യമായ പദക്രമം എങ്ങനെയാണ്?

9) മണിപ്രവാളത്തിന് ലീലാതിലകം നൽകുന്ന നിർവചനമെന്ത്?

10) മലയാളം ഏതു കക്ഷ്യയിലാണ് ഉൾപ്പെടുന്നത്?

(10×1=10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ട് (8) ചോദ്യത്തിന് ഉത്തരമെഴുതുക.

11) നിപാതം എന്നാലെന്ത്? വിശദമാക്കുക.

12) മലയാളത്തിലെ ബഹുവചനപ്രത്യയങ്ങൾ ഏതെല്ലാം ? വിശദീകരിക്കുക.

13) മിശ്രവിഭക്തി എന്നാലെന്ത്?

14) കാരകം എന്നാലെന്ത്? വിശദമാക്കുക.

15) തന്മാത്രാതദ്ധിതത്തിന്റെ സവിശേഷതകളെന്തെല്ലാം?

16) ഖിലധാതുക്കൾ എന്നാലെന്ത്?

17) നടുവിനയെച്ചം കുറിപ്പെഴുതുക.

18) പൂരണാനുപ്രയോഗം എന്നാലെന്ത്?

19) സമുച്ചയം എന്നാലെന്ത്?

20) വിഭാവകഭേദകത്തിന്റെ സവിശേഷതകളെന്തെല്ലാം?

21) ഭാഷാശബ്ദസമുച്ചയത്തെക്കുറിച്ചുള്ള ലീലാതിലകകാരന്റെ നിരീക്ഷണമെന്ത്?

22) ലോപശ്ച എന്ന ലീലാതിലകസൂത്രത്തോട് സമാനസ്വഭാവമുള്ള കേരളപാണിനീയ കാരിക പരിചയപ്പെടുത്തുക.

(8×2=16 Marks)

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറ് (6) ചോദ്യത്തിന് ഉത്തരമെഴുതുക.

23) കേരളപാണിനീയത്തിലെ ആറു നയങ്ങൾ വിശദമാക്കുക.

24) നാമവിഭാഗങ്ങൽ പരിചയപ്പെടുത്തുക.

25) ബഹുവചനരൂപങ്ങളെക്കുറിച്ച് വിവരിക്കുക.

26) വിഭക്ത്യാഭാസങ്ങളെന്നാലെന്ത് ? ഉദാഹരണസഹിതം വിശദമാക്കുക.

27) കാരിതീകരണം എന്നാലെന്ത്? വിശദീകരിക്കുക.

28) നാമധാതുക്കൾ ഉണ്ടാക്കുന്നതിനുള്ള പ്രധാന ഉപാധികളെന്തെല്ലാം?

29) വിഭക്തി എന്നാലെന്ത് ? എത്ര വിധം ? വിവരിക്കുക.

30) ലീലാതിലകത്തിലെ സംസ്കൃതീകൃത ഭാഷാനിരൂപണം പരിചയപ്പെടുത്തുക.

31) ലീലാതിലകവിധിയനുസരിച്ചുള്ള ലിംഗപ്രത്യയങ്ങളേവ ? വിവരിക്കുക.

(6×4=24 Marks)

IV. മൂന്നു പുറത്തിൽ കവിയാതെ രണ്ട് (2) ചോദ്യത്തിന് ഉത്തരമെഴുതുക.

32) കേരളപാണിനീയത്തിലെ ശബ്ദവിഭാഗംകല്പന വിശദീകരിക്കുക.

33) കാരകവും വിഭക്തിയും തമ്മിലുള്ള ബന്ധം പരിശോധിക്കുക.

34) ഭൂതകാലരൂപങ്ങളുടെ വൈവിദ്ധ്യങ്ങൾ ചർച്ച ചെയ്യുക.

35) കേരളപാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധിനിയമങ്ങൾ താരതമ്യം ചെയ്യുക.

(2×15=30 Marks)

*****

## മാതൃകാ ചോദ്യപേപ്പർ

**Sixth Semester B.A Degree Examination,**

**First Degree Programme Under CBCSS**

**MALAYALAM : LANGUAGE, CULTURE AND LITERATURE**

**Core Course - XIII-ML 1643 :**

**മലയാള കവിത - ഉത്തരഘട്ടം**

**(2014 Admission Onwards)**

**Time : 3 Hours** **Max. Marks : 80**

**I ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

1. 'വീണപൂവി'ലെ വൃത്തം ഏതാണ്?
2. പ്രണയത്തെ മോഹനകൃഷ്ണൻ കാലടി എന്തായിട്ടാണ് കാണുന്നത്?
3. 'കുരുക്ഷേത്രം' എന്ന കവിതയുടെ കർത്താവാര്?
4. 'കാവ്യം അന്നരസമയം' എഴുതിയതാര്?
5. 'ദോഹദകാലം' അർത്ഥമെഴുതുക
6. ആത്മാവിനേക്കാൾ പരമാർത്ഥമായുള്ളതെന്താണെന്നാണ് കെ.ആർ ടോണിയുടെ അഭിപ്രായം ?
7. തണുപ്പാറ്റാൻ വേട്ടുവത്തി ആരുടെ പാട്ടുകളാണ് വേട്ടുവന് പാടി കൊടുക്കുന്നത്?
8. കാസറ്റിൽ എന്തുപേര് എഴുതി വയ്ക്കണമെന്നാണ് അമേരിക്കൻ ചേട്ടൻ, ചേച്ചിയോട് പറയുന്നത്?
9. "പൂവും നീട്ടിയപ്പൂവാലും കാട്ടി കാവിലെ മാവിൻ കീഴിൽ" നിന്നവനാര്?
10. "പഴയ ഉമ്മറത്ത് ഉറിപോലിറുകിയ സെറ്റിട്ട്" ഇരിക്കുന്നതാരൊക്കെ ?

(10 x = 10 മാർക്ക്)

**II ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക**

11. നാളെയെക്കുറിച്ചുള്ള കെ. ആർ ടോണിയുടെ നിരീക്ഷണം എപ്രകാരമുള്ളതാണ്?
12. 'വ്യാപാരമേ ഹനനമാം വനവേടനുണ്ടോ

    വ്യപന്നമായ് കഴുകനെന്നു കപോതമെന്നും' ? - വ്യക്തമാക്കുക
13. പണി കഴിഞ്ഞ് 'കള്ളുംകൊടംമാതിരി' വരുന്ന ചാച്ചൻ എന്തൊക്കെയാണ് വീട്ടിൽ കാട്ടിക്കൂട്ടുന്നത്?
14. 'പദേപദേനാം പ്രമുദിതർ കാൺമു ഭവാബ്ധി ഗോഷ്പദമായ്' - എങ്ങനെ ?
15. 'ഒരുമിച്ചിരുധൂമ ധാരകളായിഷിണ -

ഞ്ഞുയരൂ - പ്രണയം മറ്റെന്തിനെ ഗൗനിക്കേണ്ടൂ' ? - ഇങ്ങനെ പറയാൻ കാരണമെന്ത്?

16. ഉണ്ണി അമ്മൂമ്മയോട് യാത്ര ചോദിക്കുന്നതെങ്ങനെയാണ്?

17. 'സന്ത്യക്തനായേനല്ലോ, സൗമ്യനാം കണവനാൽ' - ആര്? ആശയം വ്യക്തമാക്കുക

18. അമേരിക്കൻ ഫ്രൺസിന് വേണ്ടി റെക്കോർഡ് ചെയ്ത് അയയ്ക്കേണ്ട മരണാനന്തര ചടങ്ങുകൾ എന്തൊക്കെയാണ്?

19. 'തച്ചനായാലും ഞാനൊ -

രച്ഛനല്ലാതായ്പോമോ' ? - ഈ ചോദ്യത്തിനുള്ള കാരണം വ്യക്തമാക്കുക

20. 'പഞ്ചഭൂതങ്ങളോടകമാടിടുമീ -

പഞ്ചമരത്രേ പെരുംപടയാളികൾ' - അർത്ഥമാക്കുന്നതെന്ത്?

21. യക്ഷൻ കുടികൊള്ളുന്നതെവിടെയാണ്?

22. 'ധൂമരേഖകളിതാ

വാനിനെത്തഴുകുന്നു ;

ഗ്രാമചേതന ചൂളം

വിളികേട്ടുണരുന്നു' - സൂചിതം എന്ത്?

(8x2=16 മാർക്ക്)

## III നൂറ്റിയിരുപത് വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരം എഴുതുക

23. അഴകൊഴുകുന്ന ജീവിതപ്പൂക്കളെക്കുറിച്ച് ഇടപ്പള്ളിയുടെ അഭിപ്രായം എന്ത്?

24. 'തീവണ്ടിയെ ചന്ദ്രനിലേക്ക് പറത്തിവിടുക

പാലത്തിനെ കടലിലേക്ക് ഒഴുക്കി വിടുക' - എന്തിന്? എപ്പോൾ ?

25. തന്റെ ജൻമഭൂമിയെ ഭാരതഗൃഹനാഥൻ എങ്ങനെയൊക്കെ മാറ്റാമെന്നാണ് നായികയ്ക്ക് വാക്കുകൊടുക്കുന്നത്?

26. ഒരു കാറപകടത്തിന്റെ പശ്ചാത്തലത്തിൽ കവി ജീവിത പ്രാരാബ്ദങ്ങളെ വിശദമാക്കിയിരിക്കുന്നതെങ്ങനെ ?

27. 'പഴഞ്ചോറ് നിറഞ്ഞ

രണ്ട് കരിക്കലങ്ങൾ' - സൂചിതം വിശദമാക്കുക

28. നിരർത്ഥകമാണ് 'ഓർക്കുക വല്ലപ്പോഴും' എന്ന പദമെന്ന് കവി സ്ഥാപിക്കുന്നതെങ്ങനെ ?

29. "നാടുനാടായ് നിലനിൽക്കാൻ കാടു വളർത്തണം" എന്ന് കവി പറയുന്നതിലെ സാംഗത്യം പരിശോധിക്കുക

30. തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളെ എങ്ങനെയൊക്കെയാണ് ഉപദേശിക്കുന്നത്?

31. 'പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ' എങ്ങനെയൊക്കെയുണ്ടാവുമെന്നാണ് വി. എം ഗിരിജ പ്രതീക്ഷിക്കുന്നത്?

(6 x 4=24 മാർക്ക്)

**IV മൂന്ന് പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക**

32. "കാൽപനികതയുടെ തരളഭാവങ്ങളിൽ നിന്ന് ഗഹനതലങ്ങളിലേയ്ക്ക് കവിത കടക്കുന്ന കാഴ്ചയാണ് ജി. പി, ശ്രീയിൽ കാണുന്നത്" - പെരുന്തച്ചൻ, മെക്കാളെയുടെ മകൾ, പടയാളികൾ എന്നീ കവിതകളെ മുൻനിർത്തി വിശദമാക്കുക.

33. 'ഭാസ്കര കവിതകളിൽ ദുഃഖം പെയ്തൊഴിയാൻ മടിച്ചു നിൽക്കുന്നു", എന്ന അഭിപ്രായത്തെ ഓർക്കുക വല്ലപ്പോഴും എന്ന കവിതയെ മുൻനിർത്തി വിശദമാക്കുക.

34. 'പ്രേമസംഗീത'ത്തിലും 'മണിനാദ'ത്തിലും പ്രയോഗിച്ചിരിക്കുന്ന രംഗരൂപക (stage metaphor) ത്തിന്റെ പ്രത്യേകതകൾ വിവരിച്ച് താരതമ്യപ്പെടുത്തുക.

35. കേരളീയ മുദ്രകളും താളബോധവും ഊണവും കൊണ്ട് സമ്പന്നമാണ് വിനയചന്ദ്രൻ കവിതകൾ - 'യാത്രപ്പാട്ടി'നെ മുൻനിർത്തി ഉപന്യസിക്കുക

(2x15=30 മാർക്ക്)

# Sixth Semester B.A Segree Examination, April 2020

## First Degree Programme Under CBCSS

## MALAYALAM : LANGUAGE. CULTURE AND LITERATUR

## Core Course XIV-ML 1644:വിവർത്തനം സിദ്ധാന്തവും പ്രയോഗവും

## (2014 Admission Onwards)

**Time: 3 Hours** **Max Marks : 80**

Reg.No: ........................ Name : ..............................................................

**I. ഒരു വാക്കിലോ പരമാവധി രണ്ടുവാക്കിലോ എല്ലാ ചോദ്യത്തിനും ഉത്തരം എഴുതുക.**

1. യന്ത്രത്തിലൂടെ വിവർത്തനം ചെയ്യാമെന്ന് ആദ്യം പ്രസ്താവിച്ചതാര്?
2. 'വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക' രചിച്ചതാര്?
3. തർജ്ജുമ എന്നത് ഏത് ഭാഷയിലെ പദമാണ്?
4. മലയാളത്തിലേക്ക് മാറ്റി എഴുതുക- Where there is a will there is a way
5. ഏതു കൃതിയുടെ മലയാള പരിഭാഷയാണ് 'ആൾമാറാട്ടം'?
6. മലയാളത്തിലേക്ക് ആദ്യമായി വിവർത്തനം ചെയ്ത ബംഗാളി കൃതി ഏതാണ്?
7. 'ലക്ഷ്യഭാഷ' (Target Lanuage) എന്നാലെന്ത്?
8. കവിത വിവർത്തനക്ഷമമല്ല എന്നു പ്രസ്താവിച്ച പണ്ഡിതൻ ആര്?
9. 'ആകാശക്കോട്ട' എന്നതിനു സമാനമായ ഇംഗ്ലീഷ് പദം എഴുതുക?
10. റുബായിയാത്തിന് ജീവിതോത്സവം എന്ന പേരിൽ വിവർത്തനം തയ്യാറാക്കിയത് ആര്? **(10x1=10)**

**II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.**

11. വിവർത്തനം ശാസ്ത്രമാണെന്നു പറയുന്നതെന്തുകൊണ്ട് ഉത്തരം എഴുതുക. ?
12. ഏതാനും വിവർത്തനോപകരണങ്ങൾ പരിചയപ്പെടുത്തുക.
13. ലേഖനാശ്രിത വിവർത്തനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
14. ദ്വിഭാഷി (Interpreter) ആരാണ് ?
15. വാചാവിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏതെല്ലാം?
16. വിപണന ഭാഷയുടെ സവിശേഷതകൾ ഏവ?

17. ഛായാവിവർത്തനം അല്ലെങ്കിൽ പ്രതിധ്വനി വിവർത്തനം എന്താണ്?

18. യന്ത്രതർജ്ജുമ എന്നാലെന്ത്?

19. പദാനുപദ വിവർത്തനം (Word for word translation) വിശദീകരിക്കുക.

20. രൂപതുല്യതാ സിദ്ധാന്തം (formal equivalence) വ്യക്തമാക്കുക.

21. ലിപ്യന്തരണം എന്നാലെന്ത്?

22. ന്യൂമാന്റെ മൂലാനുസാരിത്വ സിദ്ധാന്തം വിവരിക്കുക. **(8x2=16 മാർക്ക്)**

**III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരം എഴുതുക.**

23. വിവർത്തനത്തിന്റെ പരിമിതികൾ എന്തെല്ലാം?

24. മലയാളത്തിലുണ്ടായിട്ടുള്ള ബൈബിൾ വിവർത്തനങ്ങളെക്കുറിച്ച് വിവരിക്കുക.

25. മാധ്യമഭാഷാ തർജ്ജമയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിക്കുക.

26. കവിതാവിവർത്തനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എഴുതുക.

27. ഉത്തമ വിവർത്തകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏതെല്ലാം?

28. ശാസ്ത്രഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുമ്പോൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

29. പ്രതീകാശ്രിത വിവർത്തനത്തെക്കുറിച്ച് വിവരിക്കുക.

30. 'പുനർ വിവർത്തനം ചെയ്യുമ്പോൾ മൂലപാഠം ലഭ്യമാകുന്ന തരത്തിലുള്ള വിവർത്തനമാണ് ഉത്തമം' എന്ന പ്രസ്താവന പരിശോധിക്കുക.

31). a) മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുക

What does he plant who plante a tree ?
He plants a friend of sun and sky
He plants the flag of breezes tree
The shaff of beatury, towering high,
He plants home to heaven anigh
For song and mother croon of bird
In hushed and happy twilight heard-
The treable of heaven's harmony-
These things he plants who plants a tree

**b). ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുക.**

സമൂഹ ജീവിതം മനുഷ്യർ തമ്മിലുള്ള ഇടപെടൽ മാത്രമല്ല, മനുഷ്യനും ഇതര ജീവജാലങ്ങളും പ്രകൃതിയും എല്ലാം പരസ്പര ബന്ധിതരാണ്. ഈ ഘടനകളുടെയും രഞ്ജിപ്പിലൂടെ മാത്രമേ ഭൂമിയിൽ ആശങ്കാരഹിതമായ ജീവിതം സാധ്യമാവൂ. ഈ ബോധം ഓരോ പൗരനിലും ഉണ്ടായിരിക്കണം. വായുവും ജലവും മണ്ണും ഉൾപ്പടെയുള്ള പ്രകൃതി വിഭവങ്ങൾ പൊതുസ്വത്താണെന്നും അതു നിലനിർത്തേണ്ടത് സ്വന്തം കടമയാണെന്നുമുള്ള ബോധം ഓരോ പൗരനും ഉണ്ടാവണം

**(6x4=24 മാർക്ക്)**

**IV. മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരം എഴുതുക.**

32. സാഹിത്യകൃതികൾ വിവർത്തനം ചെയ്യുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ നോവൽ വിവർത്തനത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

33. പരിഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഉപന്യസിക്കുക.

34. മലയാളത്തിലെ വിവർത്തനചരിത്രം വിവരിക്കുക.

35. കമ്പ്യൂട്ടർ വിവർത്തനത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുക

**(2x15=30 മാർക്ക്)**

*****

VIth Semester BA Degree Examinations

First Degree Programme

Malayalam: Language, Culture and Literature

Course Code-ML:1661.1

# Comparative Literature

Time : 3 Hours Max.Marks: 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1) വിശ്വസാഹിത്യത്തെ അടുത്തറിയാനും പ്രചരിപ്പിക്കാനുമുള്ള വഴിയായി താരതമ്യസാഹിത്യപഠനത്തെ കണ്ടത് ആര്?

2) 'ഭാരതീയ സാഹിത്യചരിത്രം' എന്ന ഗ്രന്ഥം എഡിറ്റ് ചെയ്തത്?

3) ഒരു പ്രത്യേക രാജ്യത്തിന്റെ അതിരുകൾക്ക് പുറത്തുള്ള സാഹിത്യത്തെക്കുറിച്ചുള്ള പഠനമാണ് താരതമ്യസാഹിത്യം എന്ന് നിരീക്ഷിച്ചതാര്?

4) സാഹിത്യപഠനത്തിന് അനേകം രീതികളുള്ളതിൽ ഒന്നുമാത്രമാണ് താരതമ്യസാഹിത്യമെന്ന് അഭിപ്രായപ്പെട്ടത് ആര്?

5) 'സാഹിത്യനികഷം' ആരുടെ കൃതിയാണ്?

6) പ്രസ്ഥാനനിഷ്ഠമായ താരതമ്യസാഹിത്യപഠനം മുന്നോട്ട് വച്ചതാര്?

7) 'Aspects of the Novel' എന്ന ഗ്രന്ഥം രചിച്ചതാര്?

8) താരതമ്യപഠനത്തിന്റെ ഒന്നാമത്തെ ലക്ഷ്യമെന്ത്?

9) ആധുനിക സങ്കല്പത്തിലെ താരതമ്യപഠനം ലക്ഷ്യമാക്കുന്നതെന്ത്?

10) നവോത്ഥാനകാലത്തിൽ താരതമ്യസാഹിത്യത്തിന്റെ കാതൽ എന്ത്?

(10x1=10 മാർക്ക്)

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11) താരതമ്യസാഹിത്യം എന്ന പരികല്പനയുടെ പ്രസക്തിയെന്ത്?

12) താരതമ്യസാഹിത്യത്തിന്റെ പ്രധാന നിർവ്വചനങ്ങൾ ഏവ?

13) ഭാരത്തിലെ താരതമ്യസാഹിത്യത്തിന്റെ ചരിത്രം ചുരുക്കിയെഴുതുക.

14) താരതമ്യസാഹിത്യവും നവോത്ഥാന സങ്കല്പങ്ങളും വിലയിരുത്തുക.

15) താരതമ്യപഠനം സംസ്കാര പഠനമാകുന്നതെങ്ങനെ?

16) താരതമ്യസാഹിത്യപഠനത്തിൽ സ്വാധീനത കടന്നുവരുന്നതെങ്ങനെ?

17) താരതമ്യപഠനത്തിൽ പ്രമേയത്തിനുള്ള സ്ഥാനമെന്ത്?

18) താരതമ്യസാഹിത്യത്തിൽ വിശ്വസാഹിത്യത്തിന്റെ പ്രസക്തിയെന്ത്?

19) താരതമ്യസാഹിത്യപഠനത്തിൽ അമേരിക്കൻ സ്കൂളിന്റെ സംഭാവന വിലയിരുത്തുക.

20) താരതമ്യപഠനത്തിൽ സാഹിത്യവും ഇതരകലകളും തമ്മിലുള്ള ഭാവരൂപബന്ധങ്ങൾ വിശദമാക്കുക.

21) താരതമ്യസാഹിത്യത്തിൽ വിവർത്തനത്തിനുള്ള പങ്ക് എന്ത്?

22) താരതമ്യസാഹിത്യപഠനത്തിൽ പ്രസ്ഥാനങ്ങളുടെ സ്വാധീനമെന്ത്?

(8x2=16 മാർക്ക്)

III. **നൂറ്റിയിരുപത് (120)** വാക്കിൽ ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23) താരതമ്യസാഹിത്യപഠനത്തിൽ ഫ്രഞ്ച് പദ്ധതി മുന്നോട്ടുവയ്ക്കുന്ന സിദ്ധാന്തങ്ങൾ എന്തെല്ലാം?

24) താരതമ്യപഠനത്തെപ്പറ്റി പി.ഒ.പുരുഷോത്തമന്റെ ആശയങ്ങൾ സംഗ്രഹിക്കുക.

25) താരതമ്യസാഹിത്യത്തിന്റെ പരിമിതികൾ എന്തെല്ലാം?

26) താരതമ്യസാഹിത്യം കേരളത്തിൽ എത്രമാത്രം പ്രചാരം നേടിയിട്ടുണ്ട്?

27) രൂപനിഷ്ഠത, പ്രമേയപരത എന്നിവ താരതമ്യസാഹിത്യപഠനവുമായി എത്രത്തോളം ബന്ധപ്പെട്ടുനില്ക്കുന്നു?

28) ഭാരതീയ സാഹിത്യം അടിസ്ഥാനമാക്കിയുള്ള താരതമ്യപഠനത്തിന്റെ പ്രസക്തിയെപ്പറ്റി ചിന്തിക്കുക.

29) മുണ്ടശ്ശേരിയുടെ 'കാവ്യപീഠിക' താരതമ്യസാഹിത്യപഠനത്തിന്റെ സാധ്യതകൾ മുന്നോട്ടു വയ്ക്കുന്നതെങ്ങനെ?

30) "അതിരുകളെ അതിവർത്തിക്കുന്ന സാഹിത്യപഠനമാണ് താരതമ്യസാഹിത്യത്തിന്റെ ലക്ഷ്യം" - വിശദമാക്കുക.

31) കേസരിയുടെ പ്രസ്ഥാനനിഷ്ഠനിരൂപണം താരതമ്യപഠനത്തിന് വിമർശനാത്മകമായ കാഴ്ചപ്പാടുകൾ കൂടി സംഭാവന ചെയ്യുന്നുണ്ടോ?

(6x4=24 മാർക്ക്)

IV. **മൂന്നു പറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

32) താരതമ്യസാഹിത്യപഠനത്തിന്റെ പ്രസക്തി, സാധ്യതകൾ, പരിമിതി എന്നിവചർച്ച ചെയ്യുക.

33) താരതമ്യസാഹിത്യത്തിന്റെ ചരിത്രവും ആധുനിക കാഴ്ചപ്പാടുകളും വിവരിക്കുക.

34) താരതമ്യസാഹിത്യപഠനത്തിൽ വിവർത്തനത്തിനുള്ള സ്ഥാനംനിർണ്ണയിക്കുക.

35) പ്രസ്ഥാന-രൂപനിഷ്ഠപരമായ സ്വാധീനം താരതമ്യസാഹിത്യത്തിൽ എത്രമാത്രം പ്രസക്തമാണ്?

(5x15=30 മാർക്ക്)

*****